ശ്രീ. കെ. ടി. അച്യുതൻ : സാമാന്യമായി ആഫീസർമാരെല്ലാം സർവീസും കോൺഡക്ടും റൂംസും അനുസരിച്ചു പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പക്ഷഭേദമില്ലാതെ കുറ്റം ചെയ്തിട്ടുള്ള എല്ലാവരുടെ പേരിലും കേസെടുത്തിട്ടുണ്ടെന്നു പറഞ്ഞു. എത്ര പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിനെപ്പറ്റിയുള്ള ലിസ്റ്റു എന്റെ കൈവശമുണ്ട്. അതിൽ എല്ലാ വകുപ്പുകളിലുമുള്ള ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടിട്ടുണ്ട്. പോലീസും ഉദ്യോഗസ്ഥന്മാർ എത്രയുണ്ടെന്നും ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : കർശനമായ ശിക്ഷ നടപ്പിലാക്കി കഴിഞ്ഞതിനുശേഷം മദ്യനിരോധന നിയമലംഘനത്തിൽ പിടിക്കുന്നവരുടെ സംഖ്യ വളരെ കുറഞ്ഞിട്ടുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ കുറഞ്ഞതിനുള്ള കാരണം മദ്യം കഴിക്കുന്ന ആളുകളുടെ എണ്ണം ചുരുങ്ങിയതാണോ അതോ മറ്റു വല്ല കാരണവുമാണോ ?

ശ്രീ. കെ. ടി. അച്യുതൻ : എന്തു കാരണത്താലാണെന്നു പരിശോധിച്ചു വരുന്നുണ്ട്. മദ്യനിരോധനനിയമം ലംഘിച്ചാൽ കർശനമായ ശിക്ഷ ഉണ്ടെന്നു അറിഞ്ഞപ്പോഴും അങ്ങനെ നിയമം ലംഘിക്കുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : മദ്യനിരോധനനിയമം ലംഘിച്ചാൽ കൂടുതൽ ശിക്ഷയുണ്ടെന്നും അറിഞ്ഞപ്പോഴും — ശിക്ഷയെന്നുവെച്ചാൽ പിഴ കേസുപിടിക്കുന്ന സ്ഥലത്തുവെച്ചുതന്നെ തീരുന്ന സമ്പ്രദായം നടപ്പിലായി. അതിന്റെ ഫലമായി പിടിക്കുന്ന കേസ്സുകളും അത്രയും കോടതിയുടെ മുമ്പിൽ എത്തുകയില്ല. ഇപ്പോഴും മദ്യനിരോധനലംഘനം ജാസ്തിതന്നെയാണ്. കേസു പിടിക്കുന്ന സ്ഥലത്തുവെച്ചുതന്നെ തീരുന്നതുകൊണ്ടാണു് ഇവയുടെ എണ്ണം കുറഞ്ഞതെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അതിനെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്കു് അതിനെപ്പറ്റി എന്തെങ്കിലും വിവരങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കാവുന്നതാണു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: പ്രൊഹിബിഷൻ നടപ്പിലാക്കുന്നതു് നമ്മുടെ സ്റ്റേറ്റിനു് വലിയ ഒരു ഭാരമാണെന്നും ഇവിടെയുള്ള സാധാരണ കുടുംബങ്ങളുടെ ജീവിതം തന്നെ തകർന്നുപോകുമെന്നും ഉള്ള കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും മറ്റു പല സ്റ്റേറ്റുകളും പ്രൊഹിബിഷൻ വേണ്ടെന്നു വെയ്ക്കാൻ കേന്ദ്രത്തോടു അപേക്ഷിച്ചിട്ടുള്ളതുകൊണ്ടും നമ്മുടെ സ്റ്റേറ്റിൽ പ്രൊഹിബിഷൻ വേണ്ടെന്നു വെയ്ക്കാൻ ഗവണ്മെന്റുതയാറാകുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഇതിനെപ്പറ്റി ഇപ്പോഴും അവസാനമായിട്ടൊരു തീരുമാനവും പറയാൻ നിവൃത്തിയില്ല. കേന്ദ്രത്തിൽനിന്നും നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടു വന്നതിനുശേഷം എന്തെങ്കിലും തീരുമാനം എടുക്കാവുന്നതാണു്.

മൂന്നാംപദ്ധതിയിൽ നീക്കിവെച്ചിരുന്ന തുക.

* 38. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മൂന്നാം പദ്ധതിയിൽ നീക്കിവെച്ചിരുന്ന തുക ഓരോ ഇനത്തിലും എത്ര ചെലവായെന്ന വ്യക്തമാക്കുമോ;

(ബി) അടുത്തവർഷത്തേക്കു് കേരളത്തിനു് ഓരോ ഇനത്തിലും ആകെയും അനുവദിച്ചിട്ടുള്ള തുക എത്ര;

(സി) പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു് അസംബ്ളിയിൽ ഒരു ചർച്ച നടത്താൻ ഗവണ്മെൻറു മുൻകൈ എടുക്കുമോ;

(ഡി) ആകെ വ്യവസായിക–കാർഷിക മേഖലകളിൽ പദ്ധതി കാലയളവിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ നില എന്താണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പദ്ധതിയിൽ സംസ്ഥാന പദ്ധതികൾക്കായി ഓരോ ഇനത്തിലും നീക്കിവെച്ചിട്ടുള്ള തുകയും 1963 ഡിസംബർ അവസാനംവരെ ചെലവായ തുകയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) ഈ വിവരങ്ങൾ സഭയിൽ അവതരിപ്പിക്കുന്നേ 1964–65 ലെ ബഡ്ജറ്റിൽനിന്നും ലഭിക്കുന്നതാണു്.

(സി) പദ്ധതിപ്രവർത്തനത്തെ സംബന്ധിച്ചു് ബഡ്ജറ്റു് ചർച്ച ചെയ്യുന്ന അവസരത്തിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണു്. അതുകൊണ്ടു് പ്രത്യേകമായ നടപടിയൊന്നും ഗവണ്മെൻറു് കൈക്കൊള്ളേണ്ട ആവശ്യമില്ല.

(ഡി) ഈ മേഖലകളിൽ സാമാന്യം തൃപ്തികരമായ പുരോഗതി ഉണ്ടായിട്ടുണ്ടു്.

മി: സ്പീക്കർ: ചോദ്യം 6–നും 21–നുംകൂടി ഉത്തരം പറയാം.

മൂന്നാം പദ്ധതിയുടെ നാലാം വർഷത്തേക്കു് ചെലവാക്കാൻ ഉദ്ദേശിക്കുന്നതുക

* 39. [21] ശ്രീ. കെ. എം. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതി നാലാം വർഷത്തേക്കു് കേരളത്തിനു് എത്ര രൂപയാണു് മൊത്തം ചെലവഴിക്കുവാൻ ലഭിക്കുന്നതു്:

(ബി) ഇതിൽ കേന്ദ്രവിഹിതം എത്ര;

(സി) ഈ നാലാം വർഷം വിദ്യുച്ഛക്തി ഉല്പാദനത്തിനു് എത്രതുക വകയിരുത്തുന്നു; ഓരോ പദ്ധതിക്കും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : (എ, ബി, സി) 1964–65–ലെ ബഡ്ജറ്റിനു് അവസാനരൂപം നൽകിവരുന്നതേയുള്ളു. ആ ബഡ്ജറ്റു് പ്രമാണങ്ങളിൽനിന്നു് ഈ വിവരങ്ങൾ ലഭിക്കുന്നതാണു്.

വികസന പ്രവർത്തനങ്ങൾ.

* 40. [6] ശ്രീ. പി. എസ്. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question No.* 40 (3) *dated* 29-1-1964].

THIRD FIVE YEAR PLAN—KERALA.

State Plan expenditure incurred upto the end of December 1963.

(Rs. lakhs.)

Head of development. (1)	*Third Plan provision* (1961-66) (2)	1961-62 *Actual outlay* (3)	1962-63 *Actual outlay* (4)	1963-64 *Expenditure upto the end* (5)	*Total Expenditure* (*col.* 3, 4, 5) (6)	*Remarks.* (7)
1. AGRICULTURAL PROGRAMMES :						
1. Agricultural Production	1433·54	103·59	169·65	115·12	388·36	
2. Minor Irrigation	572·00	78·23	98·18	55·08	231·49	
3. Soil Conservation	120·00	2·76	8·94	6·73	18·43	
4. Animal Husbandry	152·93	14·11	22·58	12·91	49·60	
5. Dairing & Milk Supply	60·00	2·48	7·45	4·53	14·46	
6. Forests	339·06	26·97	31·98	20·54	79·49	
7. Fisheries	450·00	29·08	38·58	26·42	94·08	
8. Warehousing & Marketing	44·23	0·39	3·81	0.43	4·63	
Total 1	3171·70	257·61	381·17	241·76	880·54	
2. CO-OPERATION & COMMUNITY DEVELOPMENT :						
1. Co-operation	246·16	54·31	34·72	18·07	107·10	
2. Community Development	805·00	204·17	168·67	95·12	467·96	
3. Panchayats	72·00	8·01	7·53	1·03	16.64	
Total 2	1123·16	266·56	210·92	114·22	591·70	

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*Contd.*)

3. IRRIGATION & POWER :					
1. Irrigation	1142·00	169·88	166·55	95·89	432·32
2. Flood Control including Anti-sea Erosion	421·00	111·08	112·99	47·97	272·04
3. Power	4356·00	652·46	770·54	467·00	1890·00
Total 3	5919·00	933·42	1050·08	610·86	2594·36
4. INDUSTRY & MINING :					
1. Large and Medium Industries	919·50	98·02	131·58	29·71	259·31
2. Mineral Development	..	..	0·18	0·34	0·52
3. Village & Small Industries	800·00	119·16	110·68	52·03	281·92
Total 4	1719·50	217·18	242·44	82·13	541·75
5. TRANSPORT & COMMUNICATIONS :					
1. Roads	900·00	252·94	291·76	144·48	689·19
2. Road Transport	63·00	..	..	..	..
3. Ports & Harbours	25·00	1·12	3·74	0·30	5·16
4. Other Transport	50·00	6·19	5·17	2·09	13·45
5. Tourism	50·00	6·61	7·16	0·68	14·45
Total 5	1088·00	266·87	307·83	147·55	722·25
6. SOCIAL SERVICES :					
1. General Education including cultural programmes	1468·62	269·77	245·43	115·94	632·14
2. Technical Education	378·00	61·26	72·75	36·57	170·58

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*Contd.*)

(1)	(2)	(3)	(4)	(5)	(6)	(7)
3.	Health	1350·00	221·75	343·21	196·05	761·01
4.	Housing	310·00	41·27	37·48	20·41	99·16
5.	Welfare of Backward Classes	195·00	64·45	62·61	52·15	179·21
6.	Social Welfare	39·37	4·93	7·95	5·45	18·33
7.	Labour & Labour Welfare	80·00	3·11	9·28	9·33	21·72
8.	Public Co-operation	5·45	0·05	0·27	0·05	0·37
	Total 6	3826·44	666·59	779·98	435·95	1882·52
	MISCELLANEOUS :					
1.	Statistics	14·70	1·67	2·35	1.80	5·82
2.	Information and Publicity	12·50	1·60	1·19	0·48	3·27
3.	Local Bodies	120·00	15·33	21·99	2·42	39·74
4.	Planning Administration	5·00	0·71	0·80	0·54	2·03
	Total 7	152·20	19·31	26·33	5·24	50·88
	Grand Total	17,000·00	2,627·54	2,998·75	1,637·71	7,264·00

Notes.—1. The actual outlay for 1962-63 (col. 4) is the departmental actuals.
2. The expenditure upto the end of December 1963 (col. 5) is only provisional.
3. Agricultural production includes Land Development.
4. Panchayats include Training Programmes.
5. Large & Medium Industries include Plantation Industries.
6. The scheme 'Road Transport' is kept outside the plan.
7. Health includes Water Supply & Sanitation Schemes.
8. Housing includes Town Planning.